**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിക്കുന്നവരുടെ പെൻഷൻ പദ്ധതി - പെൻഷൻ പ്രായം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(കൈ) നം.425/2018/ധന    തിരുവനന്തപുരം, തീയതി 10.11.2018**

---

പരാമർശം:- 1. സ.ഉ(കൈ) നം.343/പി.ഡി/1959 തീയതി 03.03.1959.
2. സ.ഉ(കൈ) നം.283/പൊ.ഭ.വ/1994 തീയതി 23.09.1994.
3. സ.ഉ(പി) നം.183/2012/ധന തീയതി 26.03.2012.
4. സ.ഉ(കൈ) നം.143/പൊ.ഭ.വ/2012 തീയതി 12.06.2012.
5. സ.ഉ(പി) നം.116/2016/ധന തീയതി 15.08.2016.
6. സ.ഉ(പി) നം.138/2017/ധന തീയതി 04.11.2017.

**ഉത്തരവ്**

മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിക്കുന്നവരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ ഫാക്ടർ പരാമർശം **(4)**-ന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയ പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂളിലെ ചട്ടം **9** ഉപചട്ടം **(6)(a)** പ്രകാരം **11.42** ആണ്. കെ.എസ്.ആർ ഭാഗം I ചട്ടം **60** പ്രകാരം അധിവർഷ പെൻഷനിൽ വിരമിക്കേണ്ട പ്രായം **55**-ൽ നിന്നും **56** ആക്കി ഉയർത്തിയ സാഹചര്യത്തിൽ പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂളിലെ ചട്ടം **9** ഉപചട്ടം **(6)(a)** താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പേഴ്സണൽ സ്റ്റാഫിന്റെ പെൻഷന് പരിഗണിക്കേണ്ട സർവ്വീസ് കാലയളവ് **56** വയസ്സ് പൂർത്തീകരിക്കുന്നതു വരെയായി പരിമിതപ്പെടുത്തുന്നു.
2. പെൻഷൻ കമ്മ്യൂട്ടേഷൻ ഫാക്ടർ **11.42** ൽ നിന്നും **11.10** ആയിരിക്കുന്നതാണ്.
3. **56** വയസ്സിനു മുമ്പ് പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിക്കുകയും **56** വയസ്സിനു ശേഷം തുടരുകയും, തുടർന്ന് വിരമിക്കുകയും ചെയ്യുന്നവർക്ക് പെൻഷൻ കമ്മ്യൂട്ടേഷനു അർഹതയുണ്ടായിരിക്കുന്നതാണ്.
4. **56** വയസ്സിനു ശേഷം പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിക്കുകയും തുടർന്ന് വിരമിക്കുകയും ചെയ്യുന്നവർക്ക് യാതൊരു വിധ പെൻഷനറി ആനുകൂല്യത്തിനും അർഹത ഉണ്ടായിരിക്കുന്നതല്ല.

5. **26.03.2012** മുതൽ ഈ ഉത്തരവിന് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ തീർപ്പാക്കിയ കേസുകൾ പുനഃപരിശോധിക്കേണ്ടതില്ല.

6. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മന്ത്രിമാർ/പ്രതിപക്ഷ നേതാവ്/ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിന്റെ സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. ഷർമ്മിള മേരി ജോസഫ്, ഐ.എ.എസ്**
**സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ തലവന്മാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, വകുപ്പ തലവന്മാർക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിങ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
രജിസ്ട്രാർ, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ.
ജില്ലാ ട്രഷറികളും സബ് ട്രഷറികളും.
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ.
നോഡൽ ഓഫീസർ, www.finance.kerala.gov.in
പൊതുഭരണ (സർവ്വീസസ്-എച്ച്) വകുപ്പ് (പേഴ്സണൽ സ്റ്റാഫ് പെൻഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനായി).
പൊതുഭരണ (അക്കൗണ്ട്സ്-പി) വകുപ്പ് (ഫയൽ നം.490781/അക്കൗണ്ട്സ്-പി1/2017-പൊ.ഭ.വ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (നം.ഇ-880352/പെൻ-ബി3/289/2018-ധന)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**